**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3769** **02-03-2023 - ൽ മറുപടിയ്ക്ക്**

**പേരാവൂർ ജിമ്മി ജോർജ് സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പേരാവൂർ ജിമ്മി ജോർജ് സ്റ്റേഡിയം നിർമ്മാണത്തിന് നൽകിയിട്ടുള്ള ഭരണാനുമതിയുടെ വിശദാംശവും അതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നും അറിയിക്കുമോ; | (എ) | **പേരാവൂർ ജിമ്മി ജോർജ് സ്റ്റേഡിയം നിർമ്മാണത്തിന് 29.11.2012ലെ സ.ഉ(സാധാ)നം.276/2012/കാ.യു.വ പ്രകാരം 258 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഭരണാനുമതി പ്രകാരം നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് മുഖേന 154 ലക്ഷം രൂപയുടെ ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു. ആയത് പ്രകാരം സ്വാഭാവിക പുൽത്തകിടിയോട് കൂടിയ ഫുട്ബോൾ കോർട്ട്, 8 ലെയ്ൻ മഡ് ട്രാക്ക്, ടോയിലറ്റ് ബ്ലോക്ക്, എന്നീ ഘടകങ്ങളാണ് 30.06.2016-ന് പൂർത്തീകരിച്ചിട്ടുള്ളത്. 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, ബാസ്കറ്റ് ബോൾ കോർട്ട്, വോളീബോൾ കോർട്ട്, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നീ പ്രവൃത്തികളാണ് അവശേഷിക്കുന്നത്.** |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഫണ്ട് ലഭ്യത ഉൾപ്പെടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ബി) | **രണ്ടാംഘട്ട പ്രോജക്ട് പ്രൊപ്പോസലിൽ ഉൾപ്പെട്ട 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, ബാസ്കറ്റ് ബോൾ കോർട്ട്, വോളീബോൾ കോർട്ട്, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് ഹെഡിൽ ലഭ്യമല്ലാതിരുന്നതിനാൽ പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന്റെ തുടർ പ്രവൃത്തികൾ പരിഗണിക്കുന്നതിന് സാധിച്ചിട്ടില്ല.** |

സെക്ഷൻ ഓഫീസർ